പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4857

14/11/2019-ൽ മറുപടിയ്ക്ക്

## പാഠപുസ്തകങ്ങളുടെ പകർപ്പവകാശം

| ചോദ്യം<br>**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ പാഠപുസ്തകങ്ങളുടെ പകർപ്പവകാശം സംസ്ഥാന സർക്കാരിനു മാത്രമാണോ; ആണെങ്കിൽ ഇത് സ്വതന്ത്രമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (എ) കേരള സിലബസ് പ്രകാരമുള്ള സ്കൂൾ പാഠപുസ്തകങ്ങളുടെ പകർപ്പവകാശം സംസ്ഥാന സർക്കാരിലാണ് നിക്ഷിപ്തമായിരിക്കുന്നത്. പകർപ്പവകാശം സ്വതന്ത്രമാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) പാഠപുസ്തകങ്ങളുടെ പകർപ്പവകാശം സ്വതന്ത്രമാക്കാത്തതിനാൽ പാഠ പുസ്തകങ്ങൾ ഇന്റർനെറ്റിൽ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) പാഠപുസ്തകങ്ങളുടെ സോഫ്റ്റ്കോപ്പി വ്യാപകമായി ലഭ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ബി) & (സി) പാഠപുസ്തകങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സമഗ്ര പോർട്ടലിലും എസ്.സി.ഇ.ആർ.ടിയുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവയിൽ നിന്നും പാഠപുസ്തകങ്ങളുടെ സോഫ്റ്റ് കോപ്പികൾ ലഭ്യമാണ്. |

Namidha P

സെക്ഷൻ ഓഫീസർ